## SECTION - I

കുറിപ്പ് ഃ താഴെ ചേർത്തിരിക്കുന്ന ലേഖന ഭാഗം ശ്രദ്ധാപൂർവം വായിച്ച് 1-5 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോ ഉത്തരവും മുപ്പതു വാക്കിൽ കവിയരുത്. ഓരോ ഉത്തരത്തിനും അഞ്ചു മാർക്കു വീതം.

**(5x5=25 മാർക്ക്)**

ജി ശങ്കരക്കുറുപ്പിന്റെ ശബ്ദാർത്ഥസംവിധാനത്തെപ്പററി പറയുമ്പോൾ അഴീക്കോട് ചൂണ്ടിക്കാണിക്കുന്ന വാഗ്മിത്വം അഴീക്കോടിന്റെ നിരൂപണശൈലിയുടെയും മുഖമുദ്രയാണ്. ജീയുടെ ആദ്ധ്യാത്മീകവും അതിഭൗതികവുമായ ലോകവീക്ഷണം നെഹ്റുകാലഘട്ടത്തിന്റെ പ്രതീക്ഷാനിർഭരവും ഉദാരവുമായ മാനവീയതയുടെ ബഹിർസ്ഫുരണമാണെന്ന് ഇന്ന് മനസ്സിലാക്കാൻ വിഷമമില്ല. അഴീക്കോടും ഇതേ ലോകവീക്ഷണം പങ്കിടുന്നുണ്ട്. മൗലികവും അനുഭവസാന്ദ്രവുമായ, വളരെ ഉയർന്ന 'വോൾട്ടേജു'ള്ള, ഭാഷാ പ്രസരണമാണ് കവിത എന്ന് അഴീക്കോട് വിശ്വസിക്കുന്നതായി തോന്നുന്നു. വരേണ്യമായ ഇത്തരം കാവ്യശൈലി പ്രാമാണികമാണെന്ന് വിശ്വസിക്കുമ്പോൾത്തന്നെ അത് ജീ. യിൽ വാഗ്മിത്വ (rhetoric) ത്തിന്റെ അടയാളമാവുന്നതെങ്ങിനെയെന്ന് അഴീക്കോടിന് വിശദീകരിക്കാൻ കഴിഞ്ഞിട്ടില്ല. 'എല്ലാം പറഞ്ഞുതീരുമ്പോൾ ഏതോ ഒരു ദുഃഖം ബാക്കി നിൽക്കുന്നു' എന്ന് ആമുഖത്തിൽ അഴീക്കോട് പറയുന്നതെന്തിനെപ്പറ്റിയാണ്? വാചാലതയും മുഖരപദപ്രീതിയും അലങ്കാരപരതയും കൈമുതലായുള്ള മലയാളകവിതയുടെ മുഖ്യധാരക്ക് ഉൾക്കൊള്ളാനാവാത്തവിധം ജീവിതത്തിന്റെ ക്ഷോഭഭാവങ്ങളും വൈരുദ്ധ്യങ്ങളും വർദ്ധിച്ചിരിക്കുന്നു എന്ന കാതലായ അനുഭവത്തിൽ നിന്നാണ് അഴീക്കോടിന്റെ നൈരാശ്യം ഉടലെടുക്കുന്നത്. വായനക്കാരന്റെ പ്രതീക്ഷാചക്രവാളം അനുഭവങ്ങളുടെ ചലനാത്മകത മൂലം മാറിക്കൊണ്ടിരിക്കുകയായിരുന്നു എന്ന ചരിത്രയാഥാർത്ഥ്യം ജീക്കെന്ന പോലെ അഴീക്കോടിനും മനസ്സിലാവാതെ പോയി. ആർഷവും ആഢ്യവും ആയ ഭവ്യശൈലി വ്യാജഭാവങ്ങളുടെയും പൊയ് വിശ്വാസ (bad faith) ത്തിന്റെയും സൂചകമാവുന്നത് സംവേദനത്തിന്റെ ഭാവപരിസരം മാറുന്നത് കൊണ്ടാണ്. പലതരം ഒത്തുതീർപ്പുകളുടെ വെട്ടുതുണികൾ കൊണ്ട് നിർമ്മിച്ചൊരു മേലങ്കിയായിരുന്നു അമ്പതുകളുടെ മദ്ധ്യംവരെ പ്രാമാണികമായിത്തന്നെ തുടർന്ന ഉദാരമാനവീയതയുടെ (ലിബറൽ ഹ്യൂമനിസത്തിന്റെ) സമന്വയ സ്വരം. ജീയുടെ 'ഫാഷൻ ഭ്രമം' ഈ സ്വത്വത്തിന്റെ സത്തയിലേക്ക് പുതിയ അനുഭവങ്ങൾ ആഗിരണം ചെയ്യാനുള്ള ശ്രമമാണ്. നെഹ്റുയുഗത്തിന്റെ പരിസമാപ്തി ഏല്പിച്ച നൈരാശ്യമാണ് അഴീക്കോടിനെ ജീയെ തള്ളിപ്പറയാൻ പേരിപ്പിച്ചത്. ജീയുടെതുമാതിരിയുള്ള ഭവ്യശൈലി വ്യാജമായി അനുഭവപ്പെടാൻ തുടങ്ങുന്നേടത്താണ് മലയാളകവിതയിലെ ആധുനികതയുടെ ഭാവപരിസരം ഉരുത്തിരിഞ്ഞത്.

24. കേരള പാണിനീയത്തിനു ശേഷം മലയാളത്തിലുണ്ടായ രണ്ടു വ്യാകരണ ഗ്രന്ഥങ്ങൾ പരിചയപ്പെടുത്തുക

25. കേരള പാണിനീയത്തിലെ ആദേശസന്ധി നിയമങ്ങൾ പരിശോധിക്കുക.

## ഐച്ഛികം - രണ്ട്
## സാഹിത്യ സിദ്ധാന്തങ്ങൾ

21. വക്രോക്തി അലങ്കാരമാണോ?

22. പാശ്ചാത്യവും ഭാരതീയവുമായ അനുകരണ സിദ്ധാന്തങ്ങൾ വിലയിരുത്തുക.

23. ഉദാത്ത മനസ്സിന്റെ പ്രതിധ്വനിയമാണ് കവിത എന്നു ലോംഗിനസ് പ്രസ്താവിച്ചതിന്റെ പൊരുൾ എന്ത്?

24. മാർക്സിയൻ -മനശ്ശാസ്ത്ര നിരൂപണ പദ്ധതികളെ ഏകോപിപ്പിക്കാനുള്ള ശ്രമങ്ങൾ വിവരിക്കുക.

25. ആഖ്യാനകലയും സാഹിത്യ നിരുപണവും - ചർച്ച ചെയ്യുക.

## ഐച്ഛികം - മൂന്ന്
## കേരള സംസ്ക്കാരം

21. ചേര തലസ്ഥാനമായിരുന്ന വഞ്ചിയെപ്പറ്റിയുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ ഏവ?

22. രേവതി പട്ടത്താനത്തിന്റെ ചരിത്രവും സാംസ്ക്കാരിക പ്രാധാന്യവും വിവരിക്കുക.

23. ബുദ്ധമതം കേരളത്തിൽ പ്രചരിച്ചിരുന്നതിന്റെ എന്തെല്ലാം മുദ്രകൾ അവശേഷിച്ചിട്ടുണ്ട്?

24. ഫ്യൂഡൽ കാലഘട്ടത്തിൽ കേരളത്തിൽ നിലവിലിരുന്ന വിചിത്രമായ സത്യപരീക്ഷകൾ എന്തെല്ലാം?

25. അയ്യങ്കാളിയുടെ സാമൂഹിക പ്രവർത്തനങ്ങൾ വിവരിക്കുക.

## SECTION - IV

ആയിരം വാക്കിൽ കവിയാതെ ഉത്തരം എഴുതുക. നാല്പതു മാർക്ക് .

**(40x1=40** മാർക്ക്**)**

**26.** മലയാള കവിതയിൽ ആധുനികതയ്ക്കു ശേഷം വന്ന എഴുത്തു രീതികളും പാരായണ രീതികളും പ്രകടിപ്പിക്കുന്ന ഭാവുകത്വപരമായ തുടർച്ചകളും ഇടർച്ചകളും ചർച്ച ചെയ്യുക.

അല്ലെങ്കിൽ

നവീന മാധ്യമങ്ങളുടെ സ്വാധീനത്തിൽ മലയാളം മലിനീകരിക്കപ്പെടുന്നു എന്നു ഒരഭിപ്രായം. അതല്ല, മാറുന്ന ലോകത്തിലെ വിജ്ഞാനസ്ഫോടനത്തിന്റെ തരംഗങ്ങളാണ് ഭാഷയിലെ മാറ്റങ്ങൾ എന്നു മറ്റൊരഭിപ്രായം. മാധ്യമ മലയാളത്തിൽ നിന്നുള്ള ഉദാഹരണങ്ങൾ മുൻനിറുത്തി സൈദ്ധാന്തിക പശ്ചാത്തലത്തിൽ ചർച്ച ചെയ്യുക.

